നം.കെ.എസ്.എ-കെ.ടി.എം.പി.11/1421/2017 തീയതി: 18.09.2017

# കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20.11.2016 മുതൽ 31.3.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 23.08.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.08.2017 മുതൽ 23.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പ്രസാദ് പി.ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജേഷ് എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.കെ.സുധീർ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.എച്ച്.മുഹമ്മദ് സലിം | 1.04.2016 മുതൽ 18.12.2016 വരെ |
| | ശ്രീ.വേണു ബി.(സെക്രട്ടറി ചാർജ്) | 19.12.2016 മുതൽ 28.12.2016 വരെ |
| | ശ്രീ.ബെന്നി റ്റി. | 29.12.2016 മുതൽ 31.3.2017 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി സിന്ധു കെ.മാത്യു | 01.04.2016 മുതൽ31.01. 2017 വരെ |
| | ശ്രീമതി ആര്യ അനൂപ് | 01.02.2017 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.അനമോദ് എൻ. | 01.04.2016 മുതൽ 02.01.2017 വരെ |
| | ഡോ.ജയന്ത് ഗോവിന്ദൻ | 03.01.2017 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ.രാജൻകുട്ടി എൻ. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.വിദ്യാ മോഹൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദ | ഡോ.ശൈവ വി.എസ്. | 01.04.2016 മുതൽ 05.08.2016 വരെ |

| | | |
|---|---|---|
| | ഡോ.ചാന്ദ്നി ആർ. | 06.08.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഗീത പി.കെ. | 01.04.2016 മുതൽ 31.01.2017 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ.എം.റഹിം | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മിസ്റ്റസ്, ഗവ.എൽ.പി.സ്കൂൾ | ശ്രീമതി സരസമ്മ വി.എ. | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സൂസൻ ജോസഫ് | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കിന്റെ അവലോകനം |
| 2-2 | വസ്തുനികുതി പരിഷ്കരണം--അപാകത |
| 2-3 | ഇ-ടെണ്ടർ--ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിച്ചില്ല |
| 2-4 | വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച 3,750 രൂപ നഷ്ടപ്പെട്ടത് |
| 2-5 | ധനകാര്യസ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | സംയുക്തപരിശോധനയുടെ അടിസ്ഥാനത്തിൽ വെള്ളക്കരം ഇനത്തിൽ ഗണ്യമായ കുറവ് |
| 3-2 | യാത്രപ്പടി ക്രമീകരിച്ചില്ല |
| 3-3 | ടെണ്ടർ കുറവ് പരിഗണിക്കാതെ കരാർ തുക നൽകി |

| | |
|---|---|
| 3-4 | പ്രോ.നം.156/17 അടയാള ബോർഡ് സ്ഥാപിക്കൽ--അധികചെലവ് |
| 3-5 | ഗുണഭോക്തൃവിഹിതം പിരിച്ച തുക സ്ഥാപനത്തിന് നൽകിയില്ല |
| 3-6 | ഗ്രൂപ്പ് ഇൻഷുറൻസ് വരിസംഖ്യ വർദ്ധിപ്പിക്കാത്തത് |
| 3-7 | ശബരിമല സ്പെഷ്യൽഫണ്ട് |
| 3-8 | ആയുർവ്വേദ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല |
| 3-9 | ആശ്രയ പദ്ധതി--15 ലക്ഷത്തിലധികം അക്കൗണ്ടിൽ നിലനിൽക്കുന്നു |
| 3-10 | ഇ.എം.എസ്.ലോൺ--വി.ഇ.ഒ.യുടെ അക്കൗണ്ടിൽ അവശേഷിച്ച തുക തിരികെയൊടുക്കിയത് |
| 3-11 | തുകയുടെ വിനിയോഗവിവരം/പ്രോജക്ടുകളുടെ പൂർത്തീകരണ വിവരങ്ങൾ ഇല്ല. ചെലവ് തടസ്സപ്പെടുത്തുന്നു |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (തൻവർഷം) |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 31.03.17 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 പുതുക്കിയ ബജറ്റ് 28.03.2017 തിയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 78,51,670 |
| വരവ് | 11,35,05,700 |
| ആകെ | 12,13,57,370 |
| ചെലവ് | 11,29,02,000 |
| നീക്കിയിരിപ്പ് | 84,55,370 |

## 1-2 വാർഷിക ധനകാര്യപത്രിക

2016-17 ലെ വാർഷിക ധനകാര്യ പത്രിക13.06.2017 ൽ ലഭിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധം ആയി ചേർത്തിട്ടുണ്ട്. കൂടാതെ ഓഡിറ്റ് ചെയ്ത വാർഷികകണക്കുകളിലെ ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ്& പേമെന്റ് അക്കൗണ്ട് എന്നിവയും അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 44,48,035 |
| വരവ് | 4,53,21,566 |
| ആകെ | 4,97,69,601 |
| ചെലവ് | 3,89,95,900 |
| നീക്കിയിരിപ്പ് | 1,07,73,701 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 93,55,623 | 93,55,623 | 81,69,364 | 11,86,259 | 87 |
| വികസനഫണ്ട് എസ്.സി.പി. | 0 | 52,99,875 | 52,99,875 | 43,41,222 | 9,58,653 | 82 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 36,41,826 | 36,41,826 | 30,77,852 | 5,63,974 | 85 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 68,76,912 | 68,76,912 | 64,25,331 | 4,51,581 | 94 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 25,54,755 | 25,54,755 | 17,79,841 | 7,74,914 | 70 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 52,47,477 | 52,47,477 | 36,52,534 | 15,94,943 | 70 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 25,563 | 25,563 | 25,563 | | 100 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 1,352 | 1,17,88,940 | 1,17,90,298 | 1,17,88,275 | 2,023 | |
| ബി ഫണ്ട് | 0 | 1,99,34,915 | 1,99,34,915 | 1,99,34,915 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 4,66,01,397 | 136 | 2,88,19,516 | 0 | 26 | |

2016-17വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരെ ഏല്പിച്ചതും നിർവ്വഹണം നടത്തിയതുമായ പ്രോജക്ടുകളുടെ

വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ | ചെലവ് |
|---|---|---|---|
| കൃഷിഓഫീസർ | 6 | 6 | 1700320/664563 |
| വെറ്ററിനറി സർജൻ | 4 | 4 | 3125940/357963 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 8 | 7 | 1320537/622958 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 2 | 210000/210000 |
| വി.ഇ.ഒ | 35 | 31 | 12536000/9354590 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 | 3365552/3093666 |
| സെക്രട്ടറി | 22 | 18 | 3810735/2733509 |
| ഹെഡ്മാസ്റ്റർ | 3 | 2 | 528150/449580 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 73 | 15 | 19954163/11282687 |
| ഡി.ഇ.ഒ | 1 | 1 | 5000/5000 |

പട്ടികവർഗ്ഗ വികസന പദ്ധതിയിൽപ്പെടുത്തി പഞ്ചായത്തിന് പട്ടികവർഗ്ഗകോളനിയിൽ സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിന് 16,50,000/- രൂപ ലഭിച്ചത് നാളിതുവരെ ചെലവഴിച്ചിട്ടില്ല. വിവിധ വാർഡുകളിൽ കുഴൽകിണർ നിർമ്മാണത്തിന് 4,48,900/- രൂപ ഭൂജലവകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വർദ്ധനവ് | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 10,44,826 | 25,34,182 | 14,89,356 | +142% |
| നികുതിയേതര വരവുകൾ | 1,18,302 | 1,89,284 | 70,982 | +60% |
| ആകെ | 11,63,128 | 34,57,510 | 22,94,382 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 21,600 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 24,93,340 | 241 |

| | | |
|---|---|---|
| വിധവാപെൻഷൻ | 41,46,970 | 376 |
| വാർദ്ധക്യകാലപെൻഷൻ | 1,17,62,465 | 747 |
| വികലാംഗപെൻഷൻ | 13,91,130 | 148 |
| 50 വയസ്സിന് മേൽ പ്രായമായ അവിവാഹിതർ | 1,41,010 | 13 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.08.2017 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,484/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം സംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകൾ, മറ്റ് രേഖകൾ എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് ജോലികൾ വിഭജിച്ച് നൽകിയിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥർ സാമ്പത്തിക ഇടപാട്കൾ 7A കാഷ് ബുക്കിൽ ചേർക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കുൾപ്പെടെ നിരവധി ഫർണിച്ചർ, മറ്റുപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ടെങ്കിലും അവയ്ക്ക് കൃത്യമായ നമ്പർ നല്കി മതിയായ വിവരങ്ങൾ ചേർത്ത സ്റ്റോക്ക് രജിസ്റ്റർ ആധികാരികരേഖയെന്ന നിലയിൽ തയാറാക്കേണ്ടതാണ്.

ഇ.എം.എസ്.ഭവനനിർമ്മാണ പദ്ധതിയിൽ 23 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. നികുതിയിനത്തിൽ ഗണ്യമായ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി വാർഷിക കണക്ക് വ്യക്തമാക്കുന്നു. നികുതി പിരിവിൽ കാര്യക്ഷമത കൈവരിച്ച് ആഭ്യന്തര നിയന്ത്രണം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.04.17 | 04/2017 | PA1/17 Dt.17.04.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.01.09 | 2007-08 | LBA(HQ)/1379 /356Dt.12.02.2009 |

## 1-12 ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം

കേരള പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ, അനുബന്ധമായി സർക്കാർ യഥാസമയം പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവ പാലിച്ച് ഗ്രാമപഞ്ചായത്ത് അതിന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും നിർവഹിച്ചിട്ടുണ്ടോ, ടി ഉത്തരവാദിത്തങ്ങളും, ചുമതലകളും നിറവേറ്റുന്നതിന് ലഭ്യമായ ഉദ്യോഗസ്ഥരുടെ സേവനം യഥാവിധി വിനിയോഗിച്ചുവോ, പഞ്ചായത്തിന് എല്ലാ സ്രോതസ്സുകളിൽ നിന്നുമായി ലഭിക്കാനുള്ള വരുമാനം പൂർണമായും യഥാസമയം ശേഖരിച്ചുവോ, ഇപ്രകാരം ലഭിച്ച വരുമാനം പാഴ്ചെലവില്ലാതെ കൃത്യമായി വിനിയോഗിച്ചോ, ഇപ്രകാരം ശേഖരിക്കുകയും ചെലവഴിക്കുകയും ചെയ്ത തുകകളുടെ കൃത്യമായ കണക്കുകളാണോ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നിവയുടെ പരിശോധനകളാണ് ഓഡിറ്റിന്റെ ലക്ഷ്യമായി നിജപ്പെടുത്തിയത്.

പഞ്ചായത്തിന്റെ മിനിറ്റ്സ് ബുക്കുകൾ, ഓഫീസ് ഉത്തരവുകൾ, സാംഖ്യ ഉൾപ്പെടെയുള്ള രസീതുകൾ, വസ്തുനികുതി, തൊഴിൽനികുതി, വാടക ലേലം, കെട്ടിടനിർമാണ പെർമിറ്റുകൾ, മറ്റിനം വരവുകൾ എന്നിവ സംബന്ധിച്ച രേഖകൾ, വിവിധചെലവുകളുടെ വൗച്ചറുകൾ, നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ രേഖകൾ, അനുബന്ധ രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിലൂടെ മേൽചേർത്ത ഓഡിറ്റ് ലക്ഷ്യങ്ങളുടെ ഫലപ്രാപ്തിവിലയിരുത്തുക എന്നതായിരുന്നു ഓഡിറ്റ് മാനദണ്ഡം.

ഓഡിറ്റ് ലക്ഷ്യങ്ങളുടെ പരിശോധനാഫലങ്ങൾ വരവ് -ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളായി ചുവടെചേർത്ത് അപാകതകളുടെ കാരണം, പരിഹാരനിർദേശം, സ്ഥിതി മെച്ചപ്പെടുത്താനുള്ള ശുപാർശ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിന്റെ അവലോകനം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീപ്റ്റ്സ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വർഷാരംഭബാക്കി 44,48,035/- രൂപയും തൻവർഷവരവ് 4,53,21,566/- രൂപയും തൻവർഷചെലവ് 3,89,95,900/- രൂപയും വർഷാവസാന നീക്കിബാക്കി 1,07,73,701/- രൂപയും ആകുന്നു.(ഇതിൽ 1,06,39,866/- രൂപ വിവിധ അക്കൗണ്ടുകളിലെ നീക്കിയിരിപ്പും 1,33,835/- രൂപ പണമായുള്ള നീക്കിയിരിപ്പും ആകുന്നു). തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള ആകെ വരുമാനം 6,52,19,614/-രൂപയും ചെലവ് 6,69,47,952/- രൂപയും, മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങളായി (Prior Period Items) ഉൾപ്പെടുത്തിയ 5,06,954/- രൂപ ഉൾപ്പടെയുള്ള വരുമാനകമ്മി 12,21,384/- രൂപയുമാണ്. ബാലൻസ് ഷീറ്റ് പ്രകാരം 31.3.17 പ്രകാരമുള്ള ആകെ ആസ്തിമൂല്യം 3,83,60,593.50/- രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 1,23,22,989.74/- രൂപയും അന്നേ ദിവസത്തെ ജനറൽഫണ്ട് പൊസിഷൻ 2,60,37,603.76/- രൂപയും ആകുന്നു. മേൽ വിവരിച്ച പ്രകാരമുള്ള ധനകാര്യ റിസൽട്ടുകൾ പ്രതിഫലിപ്പിക്കുന്ന വാർഷിക ധനകാര്യപത്രികകൾ ഓഡിറ്റിൽ പരിശോധിച്ചതിലും വിശകലനം ചെയ്തതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1-വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് കമ്മറ്റിയുടെ 26.4.17 ലെ VIII (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ടെങ്കിലും ധനകാര്യ വിശകലനം നടത്തുകയോ മുൻവർഷ കണക്കുകളുമായി താരതമ്യം ചെയ്യുകയോചെയ്തിട്ടില്ല.

2-പഞ്ചായത്തിലെ ആസ്തി/ബാധ്യതകളുടെ മൂല്യം തിട്ടപ്പെടുത്തുന്ന പ്രകിയ നാളിതുവരെ പൂർത്തിയായിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രിക പ്രതിഫലിപ്പിക്കുന്ന ജനറൽ ഫണ്ട് പൊസിഷൻഅന്തിമമല്ല.

3-വസ്തു നികുതിയുടെ ഉൾപ്പടെയുള്ള നികുതികളുടെ കൃത്യമായ ഡിമാന്റിന്റെ അഭാവത്തിൽ അക്രൂവൽ എൻട്രി നൽകുന്നതിന്റെ കൃത്യത വ്യക്തമല്ല. വസ്തു നികുതി സംബന്ധമായ സഞ്ചയ സോഫ്റ്റ്വെയറിലൂടെയുള്ള ക്രമീകരണങ്ങൾ മൂലം മുൻവർഷം കണക്കാക്കിയ ഡിമാന്റ് തുകയിൽ വലിയ ഏറ്റക്കുറച്ചിൽ ഉണ്ടാകുന്നു.

4-വാർഷിക കണക്ക് ബി-4 ഷെഡ്യൂൾ പ്രകാരം പഞ്ചായത്തിന്റെ ബാധ്യതയായികാണിച്ചിട്ടുള്ള പല തുകകളുടെയും ആധികാരികത വ്യക്തമല്ല.

| കോഡ് | ഇനം | തുക | റിമാർക്സ് |
|---|---|---|---|
| 320100115 | ടോട്ടൽ സാനിട്ടേഷൻ | 7,02,548/- | ഈ തുകയിൽ 1,50,000/- രൂപ തൻ വർഷം ലഭിച്ചതും ബാക്കി 5,52,548/- രൂപ കാലങ്ങളായി ഏതാവശ്യത്തിന് ലഭിച്ചതാണ് എന്നുപോലും അറിയാതെ അക്കൗണ്ടിൽ ബധ്യതയായി കിടക്കുന്നു |
| 320100116 | എസ്.എസ്.എ | 1,04,112/- | ഏതാവശ്യത്തിന് ലഭിച്ചതാണെന്ന് വ്യക്തമാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. നിലവിൽ ബാധ്യത കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു |
| 320100204 | പ്രത്യേക ആവശ്യ ഗ്രാന്റ് | 9,940/- | കാലങ്ങളായി ഏതാവശ്യത്തിന് ലഭിച്ചതാണ് എന്നുപോലും അറിയാതെ അക്കൗണ്ടിൽ കിടക്കുന്നു |
| 320200106 | വികസനഫണ്ട് സ്പെഷ്യൽ ഗ്രാന്റ് | 1,38,372/- | കാലങ്ങളായി ഏതാവശ്യത്തിന് ലഭിച്ചതാണ് എന്നുപോലും അറിയാതെ അക്കൗണ്ടിൽ കിടക്കുന്നു |
| 320700104 | സംയുക്ത പ്രോജക്ടുകൾ ബ്ലോക്ക് വിഹിതം | 2,76,636/- | സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ പലതും കാലങ്ങളായി ചെലവഴിക്കാതെ അക്കൗണ്ടിൽ കിടക്കുന്നവയാണ്. ഏതാവശ്യത്തിന് ലഭിച്ച തുകയാണെന്ന് |

| | | | |
|---|---|---|---|
| 320700204 | സംയുക്ത പ്രോജക്ടുകൾ ബ്ലോക്ക് വിഹിതം | 1,81,725/- | പഞ്ചായത്തിന് വിശദമാക്കുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതി വിഹിതത്തിൽ നിന്നു ലഭിക്കുന്ന ഇത്തരം തുകകൾ തിരിച്ചടക്കാതെ പഞ്ചായത് ഫണ്ടിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധമാണ്. |
| 320700404 | സംയുക്ത പ്രോജക്ടുകൾ ബ്ലോക്ക് വിഹിതം | 37,438/- | |
| 320700205 | സംയുക്ത പ്രോജക്ടുകൾ ജില്ലാ പഞ്ചായത്ത് വിഹിതം | 5,70,000/- | |
| 220700405 | സംയുക്ത പ്രോജക്ടുകൾ ജില്ലാ പഞ്ചായത്ത് വിഹിതം | 26,276/- | |

5- ബി-7 ഷെഡ്യൂൾ പ്രകാരം 4,70,174.57 രൂപ വിവിധ ഡിപ്പോസിറ്റുകളായി ലഭിച്ചിട്ടുണ്ട്. (ഇ.എം.ഡി , സെക്യൂരിറ്റി നിക്ഷേപം തുടങ്ങിയവ) ഇതിൽ 1,32,700/- രൂപയുടെ നിക്ഷേപ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയതൊഴിച്ചാൽ ബാക്കി തുകയുടെ ആധികാരികത വ്യക്തമല്ല.

6.കുഴൽ കിണർ നിർമ്മാണത്തിന് ഭൂജലവകുപ്പിൽ നിക്ഷേപിച്ചിട്ടുള്ള താഴെപറയുന്ന തുകകൾ വിനിമയവിവരം ലഭിക്കാതെ തന്നെ ക്യാപിറ്റൽ ചെലവായി ഉൾപ്പെടുത്തി.

| പ്രോജക്ട് | പ്രോജക്ട് നം | അടങ്കൽ | ചെലവ് |
|---|---|---|---|
| കുഴിമാവ് ടോപ്പ് അങ്കണവാടി കുഴൽ കിണർ | 28/17 | 1,00,000 | 85,485 |
| വിവിധ വാർഡുകളിൽ കുഴൽ കിണർ | 176/17 | 4,50,000 | 4,48,900 |
| ആകെ | | | 5,34,385 |

6- RP-47 ലെ തുകകൾ ബന്ധപ്പെട്ട രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## 2-2 വസ്തുനികുതി പരിഷ്കരണം-അപാകത

വസ്തു നികുതി പരിഷ്കരണം പ്രകാരം 14.01.2011 മുതലുള്ള കെട്ടിടങ്ങൾക്ക് പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലാണ് നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. ഈ തീയതിക്ക് മുൻപുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാനപരമായ മാറ്റം വരുത്തിയിട്ടില്ലെങ്കിലും 185ച.മീ കുറവാണെങ്കിലും നികുതിയിൽ വ്യത്യാസം വരുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ പഞ്ചായത്തിൽ 14.01.2011 മുതൽ 31.3.13 വരെ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ പഴയ കെട്ടിടങ്ങളായാണ് പരിഗണിച്ചിരിക്കുന്നത്. ഇവ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലാക്കിയാൽ നിലവിൽ ഡിമാന്റ് ചെയ്തിരിക്കുന്ന നികുതിയിൽ വ്യത്യാസം വരും. അപാകത പരിഹരിച്ച് 14.01.2011 മുതൽ 31.3.13 വരെ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് പുതിയ നികുതി ഡിമാന്റ് ചെയ്യേണ്ടതും 14.01.2011 മുതൽ 31.3.13 വരെയുള്ള നികുതി കുടിശിക ഈടാക്കേണ്ടതുമാണ്.

## 2-3 ഇ-ടെണ്ടർ- ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിച്ചില്ല

2016-17 വർഷം, പഞ്ചായത്തിന്റെ പ്രധാനപ്പെട്ട 2 പ്രവത്തികൾ ഇ-ടെണ്ടർ ചെയ്യുകയായിരുന്നു. ടെണ്ടർ

ഫീസ്/സെക്യൂരിറ്റി നിക്ഷേപം ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക ഇ-ടെണ്ടർ ഫീസ് അടക്കുന്നതിന് കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ച അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുകയാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ടെണ്ടർ ഫീസ് | |
|---|---|---|
| പഞ്ചായത്ത് ഓഫീസ് കെട്ടിടം | ജസ്റ്റിൻ | 2625 |
| | ബന്നി സാം | 2625 |
| മാങ്ങാപ്പേട്ട സാംസ്കാരിക നിലയം | ആന്റണി | 2630 |
| | അജേഷ് കുമാർ | 2630 |
| മാങ്ങാപ്പേട്ട സാംസ്കാരിക നിലയം<br>സെക്യൂരിറ്റി നിക്ഷേപം | അജേഷ് കുമാർ | 41250 |
| ആകെ | | 51760 |

ഈ തുക ക്ലെയിം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച 3,750/- രൂപ നഷ്ടപ്പെട്ടത്

ബി.എസ്.എൻ.എൽ കെട്ടിടത്തിന്റെ വസ്തുനികുതി ഇനത്തിൽ ലഭിച്ച 3,750/- രൂപ 30.3.2015 ൽ (520672/28.2.2015 നമ്പർ ചെക്ക് പ്രകാരം) പഞ്ചായത്തിൽ ലഭിച്ചിരുന്നു. എന്നാൽ ഈ തുക നാളിതു വരെ പഞ്ചായത് അക്കൗണ്ടിൽ വരവ് ചേർത്തിട്ടില്ല. ബാങ്കിൽ സമർപ്പിച്ച ചെക്ക് യഥാസമയം കാഷ് ചെയ്തു എന്ന് ഉറപ്പു വരുത്തേണ്ടിയിരുന്നത് അക്കൗണ്ടന്റിന്റെ ചുമതലയായിരുന്നു. ചെക്ക് കാലഹരണപ്പെട്ടാൽ യഥാസമയം റീ വാലിഡേറ്റ് ചെയ്ത് വാങ്ങുക, അക്കൗണ്ടിൽ പണമില്ലാതെ ചെക്ക് നല്കിയതാണെങ്കിൽ നിയമനടപടികൾ സ്വീകരിക്കുക തുടങ്ങിയവയും ചെയ്തതായി കാണുന്നില്ല. അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവരുടെ ഭാഗത്തു നിന്നുണ്ടായ കൃത്യവിലോപം മൂലം 3,750/- രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. ഈ വിഷയത്തിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 21.8.17ൽ നല്കിയ 3-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്. അക്കൗണ്ടന്റ് യഥാസമയം വരവ് ഉറപ്പാക്കാതിരുന്നതും സെക്രട്ടറിയുടെ മേൽനോട്ട ചുമതലയിലുണ്ടായ വീഴ്ചയുമാണ് നഷ്ടത്തിന് കാരണമെന്ന് വിലയിരുത്തുന്നു. നഷ്ടം വന്ന തുക ഉത്തരവാദികളായവരിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 2-5 ധനകാര്യ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 2016-17 വർഷം ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ഇതുസംബന്ധിച്ച് നിർദേശങ്ങൾ ഉണ്ടായിരുന്നെങ്കിലും ഫലപ്രദമായ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമായിട്ടില്ല. നികുതി ഒടുക്കുവാൻ ബാധ്യസ്ഥമായ സ്ഥാപനത്തിൽ നിന്നും നിയമനടപടികളിലൂടെ ആയത് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സംയുക്തപരിശോധനയുടെ അടിസ്ഥാനത്തിൽ വെള്ളക്കരം ഇനത്തിൽ ഗണ്യമായ കുറവ്

ഗ്രാമപഞ്ചായത്തിൽ 4/2016 മുതൽ 10/2016 വരെ 104 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിവർഷം 5,250/ രൂപ നിരക്കിൽ പ്രതിമാസം 45,500/ രൂപവീതം വാട്ടർ അതോറിട്ടിയിലേക്ക് അടവാക്കിയിരുന്നു. എന്നാൽ

പ്രവർത്തിക്കുന്ന ടാപ്പുകൾക്ക് നൽകേണ്ടതിനെക്കാൾ അധികമാണ് വെള്ളക്കരം ഈടാക്കിവരുന്നത് എന്ന ബോദ്ധ്യത്തിൽ ഒരു സംയുക്തപരിശോധനയ്ക്കായി പഞ്ചായത്ത് കമ്മിറ്റി നിരന്തരം വാട്ടർ അതോറിട്ടിയോട് ആവശ്യപ്പെടുകയും 20.9.16 ന് സംയുക്തപരിശോധന നടക്കുകയും ഉണ്ടായി.

പരിശോധനാഫലമായി പ്രവർത്തനക്ഷമമായ ടാപ്പുകൾ 43 എണ്ണം മാത്രമാണ് എന്ന് കണ്ടെത്തുകയും 2016 നവംബർ മാസം മുതൽ വെള്ളക്കരം 18,813/- ആയി കുറയുകയും ചെയ്തിട്ടുണ്ട്.

പ്രവർത്തിക്കാതിരുന്ന 61 ടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 26,687/- രൂപവീതം 7 മാസം ഒടുക്കേണ്ടി വന്നതിലൂടെ 2016-17 വർഷം ആകെ 1,86,809/- രൂപ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. ടി തുക തിരികെ നല്കാൻ വാട്ടർ അതോറിട്ടിയോട് ആവശ്യപ്പെടേണ്ടതാണ്.

എന്നിരിക്കിലും തനത് വരുമാനം കുറവുള്ള പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതിക്ക് കൂടുതൽ ബാധ്യതയായി മാറിയിരുന്ന വെള്ളക്കരം സമയോചിതമായ ഇടപെടലിലൂടെ കുറവ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും പ്രവൃത്തി ശ്ലാഘനീയമാണ്.

## 3-2 യാത്രപ്പടി ക്രമീകരിച്ചില്ല

വിവിധ യാത്രകൾ നടത്തുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും മുൻകൂർ കൈപ്പറ്റിയ താഴെ പറയുന്ന ജനപ്രതിനിധികൾ ചെലവ് രേഖകൾ ഹാജരാക്കി മുൻകൂറുകൾ നാളിതു വരെ ക്രമീകരിച്ചിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് പ്രകാരം മുൻകൂറുകൾ കൈപ്പറ്റി മൂന്നുമാസത്തിനകം ക്രമീകരിക്കാത്തവരിൽ നിന്നും 18% പിഴപലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതായിരുന്നു. മുൻകൂറുകൾ ക്രമീകരിക്കാനുള്ളവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുൻകൂർരജിസ്റ്റർ പ്രകാരം തുക കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ ആൾ | തുക |
|---|---|---|---|
| 1 | 26.07.2016 | റ്റി.കെ.രാജു | 1,500 |
| 2 | 26.07.2016 | റെനിസബാസ്റ്റ്യൻ | 1,500 |
| 3 | 26.07.2016 | സൗമ്യമോൾ | 1,500 |
| 4 | 08.06.2016 | ജയൻ പി.റ്റി. | 750 |
| 5 | 08.06.2016 | ഷിജി അജയകുമാർ | 750 |
| 6 | 08.06.2016 | രത്നമ്മ രവീന്ദ്രൻ | 750 |
| | | ആകെ | 6,750 |

മേൽ പറഞ്ഞ അപാകതകളിലുള്ള വിശദീകരണം അടിയന്തിരമായി ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 21.8.17ൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4) യാത്രാപ്പടി അഡ്വാൻസ് ക്രമീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടിനല്കിയിട്ടുണ്ട്. മുൻകൂറുകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 ടെണ്ടർ കുറവ് പരിഗണിക്കാതെ കരാർ തുക നല്കി

2016-17 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 7 അങ്കണവാടികളുടെ വയറിംഗ് എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പി.ഡബ്ലിയു.ഡി ഇലക്ട്രിക്കൽ വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി കരാറെടുത്ത് നടത്തിയത് സുനിൽ ജെ. എന്ന വ്യക്തിയാണ്. ഈ 7 പ്രവൃത്തികൾക്കും 2 ടെണ്ടർ ലഭിക്കുകയും 1.1% ടെണ്ടർ കുറവ് രേഖപ്പെടുത്തിയ സുനിലിന് പ്രവൃത്തി ലഭിക്കുകയും ചെയ്തു. അളവു പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ നടത്തുന്നതുവരെയുള്ള നടപടികൾ പി.ഡബ്ലിയു.ഡി ഇലക്ട്രിക്കൽ വിഭാഗം നടത്തുകയും തുക നല്കുന്നതിന് അളവു പുസ്തകം പഞ്ചായത്ത് എഞ്ചിനീയറിംഗ് വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് തയ്യാറാക്കിയപ്പോൾ ടെണ്ടർ കുറവ് പരിഗണിച്ചില്ല. ഇതു മൂലം കരാറുകാരന് അധികതുക നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട്/നമ്പർ | ആകെ വേലമൂല്യം | 1.1% ടെണ്ടർ കുറവ് കിഴിച്ച് | വ്യത്യാസം | കരാറുകാരന് തുക നല്കിയതിന്റെ വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | മൂല്യം | | എസ്.ബി.റ്റി.യുടെ 67147017192 നമ്പർ അക്കൗണ്ടിലേക്ക് നല്കി |
| 136/17, 84-ാം നമ്പർ അങ്കണവാടി വയറിംഗ് | 39675 | 39239 | 436 | 37294 |
| 139/17, 85-ാം നമ്പർ അങ്കണവാടി വയറിംഗ് | 37061 | 36553 | 408 | 34837 |
| 140/17, 86-ാം നമ്പർ അങ്കണവാടി വയറിംഗ് | 36324 | 35924 | 400 | 34145 |
| 137/17, 92-ാം നമ്പർ അങ്കണവാടി വയറിംഗ് | 39701 | 39264 | 437 | 37319 |
| 138/17, 71-ാം നമ്പർ അങ്കണവാടി വയറിംഗ് | 38640 | 38215 | 425 | 36332 |
| 141/17, 93-ാം നമ്പർ അങ്കണവാടി വയറിംഗ് | 37839 | 37423 | 416 | 35569 |
| 135/17, 83-ാം നമ്പർ അങ്കണവാടി വയറിംഗ് | 39618 | 39182 | 436 | 37241 |
| ആകെ | | | 2958 | |

മേൽ പറഞ്ഞ അപാകതകളിലുള്ള വിശദീകരണം അടിയന്തിരമായി ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം ചെലവഴിച്ച 2,958/- രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-4 പ്രോ.നം.156/17 അടയാള ബോർഡ് സ്ഥാപിക്കൽ. - അധികചെലവ്

സെക്രട്ടറി നിർവഹണം നടത്തിയ ടി പ്രോജക്ടിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽനിന്ന് 64,850/- രൂപ വൗച്ചർ നം.21600814/31.3.17 പ്രകാരം ചെലവഴിച്ചു. ടെൻഡർ ക്ഷണിച്ച് നടപ്പിലാക്കിയ പ്രവൃത്തിക്ക് 2 ടെൻഡറുകൾ ലഭിച്ചതിൽ കുറഞ്ഞതുക ക്വോട്ടുചെയ്ത ഹരിത ആർട്സ്, വണ്ടൻപതാൽ എന്ന സ്ഥാപനത്തിന് 4x3 അടി വലിപ്പമുള്ള 5 ബോർഡുകൾ സ്ഥാപിച്ചതിന് ഒരെണ്ണത്തിന് 12,970/- രൂപ നിരക്കിൽ ആകെ 64,850/- രൂപ ബിൽ നം.33/16-17 പ്രകാരം നല്കി.

പ്രോജക്ട് നിർവഹണത്തിൽ ചുവടെ ചേർക്കും പ്രകാരം അപാകതകൾ കാണുന്നു.

അടയാള ബോർഡുകൾ സ്ഥാപിക്കുക എന്നത് മരാമത്ത് പ്രവൃത്തിയിൽ ഉൾപ്പെടുന്ന പ്രക്രിയയാണ്. എന്നാൽ അസിസ്റ്റന്റ് എൻജിനീയറുമായി ചർച്ചചെയ്ത് എസ്റ്റിമേറ്റ് തയാറാക്കാതെയാണ് പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചത്.

MORD സ്പെസിഫിക്കേഷൻ (10.3.B)പ്രകാരം റിഫ്ലക്റ്റീവ് സൈൻ ബോർഡിന് നല്കാവുന്ന നിരക്ക് സ്ക്വയർമീറ്ററിന് 4,209.9 രൂപ മാത്രമാണ്.

നിലവിൽ സ്ഥാപിച്ചിട്ടുള്ളത് 0.9 ച.മീ വലിപ്പമുള്ള ബോർഡാണ്. ഇതിന് നല്കാവുന്ന പരമാവധി തുക ഒന്നിന് 3,785.3

രൂപയാണ്. അത് പ്രകാരം 5 എണ്ണത്തിന് നല്കാവുന്ന തുക 5x3785.3 = 18,927/- രൂപയാണ്. എന്നാൽ 64,850 രൂപ നല്കിയതിലൂടെ 45,923/- രൂപ അധികം നല്കിയിട്ടുണ്ട്.(ഇതുസംബന്ധിച്ച 7-ാം നം.ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.)

അധികതുക നല്കിയത് അംഗീകരിക്കുന്നില്ല. ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് 45,923/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-5 ഗുണഭോക്തൃവിഹിതം പിരിച്ച തുക സ്ഥാപനത്തിന് നല്കിയില്ല

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകൾക്ക് ചുവടെ ചേർക്കും പ്രകാരം ഗുണഭോക്തൃവിഹിതം ഈടാക്കി യിട്ടുണ്ട്.

| പ്രോജക്ട് | നമ്പർ | ഗുണഭോക്തൃ വിഹിതം ഈടാക്കിയത് |
|---|---|---|
| ജൈവ പച്ചക്കറി ഗ്രാമം | 79/17 | 85,000/- |
| ഗ്രോബാഗ് വിതരണം എസ്.സി.പി. വനിത | 173/17 | 5,000/- |
| ഗ്രോബാഗ് വിതരണം റ്റി.എസ്.പി. വനിത | 174/17 | 10,000/- |

ഗ്രാമപഞ്ചായത്തിൽ ഗ്രോബാഗ് വിതരണം ചെയ്ത വി.എഫ്.പി.സി.കെ എന്നസ്ഥാപനത്തിന് വികസനഫണ്ടിൽ നിന്നുള്ള വിഹിതം മാത്രമാണ് നൽകിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്തിട്ടുള്ള തുക സ്ഥാപനത്തിന് കൈമാറിയതായി കാണുന്നില്ല. സ്ഥാപനം നൽകിയ ഗ്രോബാഗ് ഗുണനിലവാരം കുറഞ്ഞതാണെന്ന് ഗുണഭോക്താക്കൾ പരാതിപ്പെട്ടതിനാലാണ് തുക നൽകാതിരുന്നതെന്നാണ് എക്സിറ്റ് മീറ്റിംഗിൽ ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിരിക്കുന്നത്. സർക്കാർ തുകകൾ വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്.

## 3-6 ഗ്രൂപ്പ് ഇൻഷ്വറൻസ് വരിസംഖ്യ വർദ്ധിപ്പിക്കാത്തത്

2014 ശമ്പളപരിഷ്കരണത്തിന്റയടിസ്ഥാനത്തിൽ വ്യത്യസ്ത ശമ്പളസ്കെയിലുകളിൽ പെട്ട ജീവനക്കാരുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് വരിസംഖ്യ വ്യത്യാസപ്പെടുത്തുകയുണ്ടായി.

ആയതിൻപ്രകാരം 17,000 - 37,500 സ്കെയിലിന് മുകളിൽ 37,500 - 75,600 സ്കെയിലിന് താഴെയുമുള്ള സ്കെയിലുകളിൽ അടിസ്ഥാനശമ്പളം വാങ്ങുന്ന ജീവനക്കാർ പ്രതിമാസം 400/- രൂപയാണ് വരിസംഖ്യ ഒടുക്കേണ്ടത്. എന്നാൽ ചുവടെ ചേർക്കുന്ന ജീവനക്കാർ ഇനിയും വരിസംഖ്യ ശമ്പളത്തിന് ആനുപാതികമായി വർദ്ധിപ്പിച്ചിട്ടില്ല.

| ജീവനക്കാരൻ | അടിസ്ഥാനശമ്പളം, സ്കെയിൽ | നിലവിലെ വരിസംഖ്യ | ഒടുക്കേണ്ടത് |
|---|---|---|---|
| ഗിഫ്റ്റിമോൾ | 19,500(19,000-43,600) | 300 | 400 |
| ഷാജി ടി.കെ. | 18,000(18,000-41,500) | 300 | 400 |
| ജോസി ജോസഫ് | 19,000(19,000-43,600) | 300 | 400 |

പരിഷ്കരിക്കപ്പെട്ട സ്കെയിലിന് ആനുപാതികമായി വരിസംഖ്യ വർദ്ധിപ്പിക്കേണ്ടതാണ്.

## 3-7 ശബരിമല സ്പെഷ്യൽ ഫണ്ട്

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ശബരിമല സ്പെഷ്യൽ ഫണ്ട് ഇനത്തിൽ ലഭ്യമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 7,56,476 |
| വരവ് | 10,00,000 |
| ആകെ | 17,56,476 |
| ചെലവ് | 1,88,040 |

| | |
|---|---|
| നീക്കിയിരുപ്പ് | 15,68,436 |

ശബരിമല സ്പെഷ്യൽഫണ്ടുപയോഗിച്ച് തൻവർഷം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണഉദ്യോഗസ്ഥനായി ശബരിമല സീസൺ ശുചീകരണം(പ്രൊജ.നമ്പർ-99/17) എന്ന പദ്ധതി മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ആയതിന് വേണ്ടി 1,88,040/-രൂപ ചെലവ് വന്നിട്ടുണ്ട്. ബാക്കി തുക ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിന് വേണ്ടിയുള്ള സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ട്രഷറി എന്നിവിടങ്ങളിലുള്ള അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

## 3-8 ആയുർവേദ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പ്രോജക്ടിനായി 2,00,000/-(ബിൽ നമ്പർ 4/16-17, 29.3.17)ഔഷധിക്ക് നൽകിയിട്ടുണ്ട്. നാളിതുവരെയായി 1,93,238/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. അവശേഷിക്കുന്ന 6,762/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മരുന്നുകൾ ലഭ്യമാകുന്നതുവരെ 6,762/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 ആശ്രയപദ്ധതി - 15 ലക്ഷത്തിലധികം അക്കൗണ്ടിൽ നിലനിൽക്കുന്നു

ആശ്രയപദ്ധതി ഒന്നാം ഘട്ടത്തിലെ ഗുണഭോക്താക്കളുടെ തുടർസേവനങ്ങൾക്കായും, രണ്ടാം ഘട്ടത്തിലെ ഗുണഭോക്താക്കൾക്കായുള്ള സേവനങ്ങൾക്കായും ലഭ്യമായ ഫണ്ട്, എസ്.ബി.ടി., കോരുത്തോട് ശാഖയിലെ 67059373557 നം. അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. നിലവിൽ ഗുണഭോക്താക്കൾക്ക് ഭക്ഷണത്തിനുള്ള തുക മാത്രമാണ് ചെലവഴിക്കുന്നത്. വിദ്യാഭ്യാസം, മരുന്ന് തുടങ്ങിയ ഇനങ്ങളിൽ നിലവിൽ ചെലവില്ല. 31.3.17ൽ 15,38,128/- രൂപ അക്കൗണ്ടിൽ നിലനിൽക്കുന്നു. തുകയുടെ ചെലവ് സംബന്ധിച്ച അധികനിർദേശങ്ങൾ ലഭ്യമാക്കി അഗതികളായ ഗുണഭോക്താക്കളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ഇ.എം.എസ് ലോൺ - വി.ഇ.ഒ യുടെ അക്കൗണ്ടിൽ അവശേഷിച്ച തുക തിരികെയൊടുക്കിയത്

ഇ.എം.എസ് ലോൺ ഇനത്തിലെ തുക വി.ഇ.ഒ യുടെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും പേരിൽ കോരുത്തോട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ടിൽ അവശേഷിച്ച 88,129/- രൂപ ചെക്ക് നം.8452/19.8.2017 പ്രകാരം വി.ഇ.ഒ പഞ്ചായത്തിനെ ഏല്പിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.(2015-16ലെ ഓഡിറ്റ് റിപ്പോർട്ട് ഖ-3-8 കാണുക.)ലോൺ തുക മുഴുവൻ അടച്ചുതീർന്ന സാഹചര്യത്തിൽ തുക സർക്കാരിലേക്ക് തിരികെയൊടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം സർക്കാരിൽ നിന്ന് മതിയായ ഉത്തരവുകൾ ലഭ്യമാക്കി സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 തുകയുടെ വിനിയോഗ വിവരം/പ്രോജക്ടുകളുടെ പൂർത്തീകരണ വിവരങ്ങൾ ഇല്ല. ചെലവ് തടസ്സപ്പെടുത്തുന്നു

ചുവടെ ചേർക്കും പ്രകാരം വിവിധ പ്രോജക്ടുകളുടെ നിർവഹണത്തിനായി തുക ചെലവഴിച്ചുവെങ്കിലും തുകയുടെ വിനിയോഗവിവരം/പ്രോജക്ടുകളുടെ പൂർത്തീകരണവിവരം എന്നിവ ഇനിയും ലഭിച്ചിട്ടില്ല.

| പ്രോജക്ട്/നം. | നിർവഹണോദ്യോഗസ്ഥൻ | ചെലവ് | ഫണ്ടിനം | കൈപ്പറ്റിയത് | ബിൽ/ഡി.ഡി.നം. |
|---|---|---|---|---|---|
| 4/2017, എസ്.എസ്.എ വിഹിതം നല്കൽ(ജനറൽ) | സെക്രട്ടറി | 2,50,000 | വികസനഫണ്ട് | ജില്ലാ പ്രോജക്ട് ഡയറക്ടർ, SSA, കോട്ടയം | 679758/27.9.16 |
| 5/17, എസ്.എസ്.എ വിഹിതം നല്കൽ(എസ്.സി.പി) | ,, | 2,25,000 | ,, | ,, | 679757/27.9.16 |
| 6/17, എസ്.എസ്.എ വിഹിതം | ,, | 1,12,763 | ,, | ,, | 679759/27.9.16 |

| | | | | | |
|---|---|---|---|---|---|
| നല്കൽ(ടി.എസ്.പി) | | | | | |
| 11/17, IKM വിഹിതം നല്കൽ | ,, | 52,788 | ,, | എക്സിക്യൂട്ടീവ് ഡയറക്ടർ, IKM, തിരുവനന്തപുരം | 679755/27.9.16 |
| 58/17, പി.എം.എ.വൈ.വിഹിതം നല്കൽ | വി.ഇ.ഒ | 1,40,000 | ,, | സെക്രട്ടറി, കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | ബിൽ നം.46/16-17 /27.3.17 |

തുകയുടെ വിനിയോഗസാക്ഷ്യപത്രം, പ്രോജക്ടുകളുടെ പൂർത്തീകരണവിവരം എന്നിവയുടെ അഭാവത്തിൽ 7,80,551 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (തൻവർഷം)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 07.12.16 | 2,00,000 | പാലിയേറ്റീവ് കെയർ | 93,090 | 1,06,910 |
| ബ്ലോക്ക് പഞ്ചായത്ത് | 20.03.17 | 74,780 | സ്കോളർഷിപ്പ് | 74,780 | 0 |
| ജില്ലാ പഞ്ചായത്ത് | 10.03.17 | 1,00,000 | സ്കോളർഷിപ്പ് | 1,00,000 | 0 |
| ടി.എസ്.സി | 04.02.2017 | 2,28,000 | സാനിട്ടേഷൻ | 2,28,000 | |

വാർഷികകണക്ക് ബി-4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ചതായി കാണിച്ചിരിക്കുന്ന താഴെ പറയുന്ന തുകകളുടെ കൃത്യത വ്യക്തമല്ല

| | |
|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2,76,636 |
| ബ്ലോക്ക് പഞ്ചായത്ത് | 1,81,725 |
| ജില്ലാ പഞ്ചായത്ത് | 5,70,000 |
| ബ്ലോക്ക് പഞ്ചായത്ത് | 37,438 |
| ജില്ലാ പഞ്ചായത്ത് | 26,276 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | കുഴൽകിണർ പ്രോ.നം 146/17 | 7 | 87,292 | | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |
| ഭൂജലവകുപ്പ് | കുഴൽകിണർ പ്രോ.നം 28/17 | 2 | 85,485 | | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |

| | | | | | |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | കുഴൽകിണർ<br>പ്രോ.നം 24/17 | 3 | 82,713 | | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |
| ഭൂജലവകുപ്പ് | കുഴൽകിണർ<br>പ്രോ.നം 176/17 | 7 | 4,48,900 | | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |

മേൽസൂചിപ്പിച്ചത് കൂടാതെ വ്യക്തത വരുത്താൻ കഴിഞ്ഞിട്ടില്ലാത്ത തുകകൾ ബി-18 ഷെഡ്യൂൾ പ്രകാരം ഡിപ്പോസിറ്റ് നല്കിയിട്ടുള്ളതായി കാണുന്നു. (2-1) കാണുക

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ(ആർ.ടി)നം.823/10/ ത.സ്വ.ഭ.വ | 1,29,27,300 | 18,14,217 | 8,18,138 | -- | 9,96,079 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,733/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|
| 2015-16 | 3(4) | 2,733 | എം.റഹീം, അസിസ്റ്റന്റ് എഞ്ചിനീയർ | 117060100490/9.6.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,97,69,601 (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,89,95,900 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,750 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 48,881 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,87,313 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-3 | | 2,958 | പി.എം.റഹിം, അസിസ്റ്റന്റ് എൻജിനീയർ |
| 3-4 | | 45,923 | ശ്രീ.ടി.ബെന്നി, സെക്രട്ടറി |
| ആകെ | | 48,881 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-8 | 6,762 | ആയുർവേദ മെഡിക്കൽ ഓഫീസർ |
| 3-11 | 6,40,551 | സെക്രട്ടറി |
| 3-11 | 1,40,000 | വി.ഇ.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.എ.റഹീം, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കോരുത്തോട് ഗ്രാമപഞ്ചായത്ത് | കക്കാട്ടുകൊടിവിള വീട്, പള്ളിക്കൽ പി.ഒ., കിളിമാനൂർ വഴി, തിരുവനന്തപുരം |
| ശ്രീ.ടി.ബെന്നി, സെക്രട്ടറി | സെക്രട്ടറി, കവിയൂർ ഗ്രാമപഞ്ചായത്ത് | ചാലുവേലിൽ, കൈപ്പുറം, മുഹമ്മ പി.ഒ., ആലപ്പുഴ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2005-06 | എൽ.എഫ്.കെ.പി 9-53/08/10.11.2008 | 4 | |
| 2006-07 | എൽ.എഫ്.കെ.പി9-54/08/20.04.08 | | |
| 2007-08 | എൽ.എഫ്.കെ.പി 13-1613/12/14.01.13 | 4 | |
| 2008-09 | എൽ.എഫ്.കെ.പി13-577/14/20.08.14 | 8 | |
| 2009-10 & 2010-11 | എൽ.എഫ്.കെ.പി13-999/2014/13.10.14 | 16 | |
| 2011-12 & 2012-13 | കെ.എസ്.എ-കെ.ടി.എം.പി13/1683 /2015/6.01.16 | 26 | |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം.പി13/696 /16/02.06.16 | 32 | |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി13/1841 /2016/17.12.16 | 13 | |

ഡെപ്യൂട്ടി
ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.ടി.എം.പി11/1421/2017

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886

ഇ-മെയിൽഃ doktm.ksad@kerala.gov.in

തീയതിഃ18.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം